ഗൾഫ് രാജ്യങ്ങളിൽ നിന്നും കേരളത്തിലേയ്ക്കുള്ള വിമാനയാത്രാക്കൂലി

53 (809) ശ്രീമതി മേഴ്സി രവി :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിൽനിന്നും തിരുവനന്തപുരം, നെടുമ്പാശ്ശേരി, കരിപ്പൂർ വിമാനത്താവളങ്ങളിലേയ്ക്കുള്ള വിമാന യാത്രാക്കൂലി എത്രവീതമാണ് ;

(ബി) പ്രസ്തുത രാജ്യങ്ങളിൽനിന്നും മുംബൈ, ഡൽഹി, കൊൽക്കത്ത ചെന്നൈ എന്നീ സ്ഥലങ്ങളിലേക്കുള്ള യാത്രക്കൂലി എത്രവീതമാണ് ;

(സി) കേരളത്തിലെ വിമാനത്താവളങ്ങളിലേയ്ക്കുള്ള വിമാനയാത്രാക്കൂലി കൂട്ടുവാനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) ഇത് കുറച്ചുകിട്ടുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) 36,973 രൂപ (ദുബായിൽ നിന്നുള്ള എയർ ഇന്ത്യാ നിരക്ക്.)

(ബി) യഥാക്രമം 26,558, 26,558, 31,118, 37,628 രൂപാ വീതമാണ്.

(സി) ഏവിയേഷൻ ടർബൈൻ ഫ്യൂവലിന് സംസ്ഥാനത്ത് നിലവിലുള്ള ഉയർന്നവിലയാണ് കേരളത്തിലേയ്ക്കുള്ള വിമാനയാത്രാക്കൂലി കൂടുതലാകാനുള്ള കാരണമെന്ന് ബന്ധപ്പെട്ടവർ അഭിപ്രായപ്പെടുന്നുണ്ട്.

(ഡി) കേന്ദ്ര വ്യോമയാനമന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി 2002 ആഗസ്റ്റ് മാസം മുതൽ കുവൈറ്റ്, ഷാർജ, മസ്കറ്റ് എന്നിവിടങ്ങളിൽ നിന്നും കൊച്ചിയിലേയ്ക്കും കോഴിക്കോട്ടേയ്ക്കുമുള്ള ഇന്ത്യാൻ എയർലൈൻസ് നിരക്കുകളിൽ 5% മുതൽ 29% വരെ കുറവ് വരുത്തിയിട്ടുണ്ട്.

അന്തർ സംസ്ഥാന നദി സംയോജന പദ്ധതി

54 (810) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. ബിനോയ്വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർ സംസ്ഥാന നദീസംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) നദീസംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ തുടർന്നുള്ള നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന നദികളിൽ ആഭ്യന്തര ആവശ്യം കഴിഞ്ഞ് അധികജലം ഉണ്ടെന്നുള്ള കേന്ദ്ര സർക്കാരിന്റെ വിലയിരുത്തൽ ശരിയാണോ ; അല്ലെങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ ആധികാരികമായ പഠന റിപ്പോർട്ട് എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അന്തർ സംസ്ഥാന നദി സംയോജന പദ്ധതിയോട് മൊത്തത്തിൽ കേരളത്തിന് എതിർപ്പില്ല. എന്നാൽ കേരളത്തിലെ നദികൾ മറ്റു സംസ്ഥാനങ്ങളിലെ നദികളുമായി സംയോജിപ്പിക്കുന്നതിന് കേരളം അനുകൂലമല്ല.

(ബി) നദീസംയോജന പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമല്ല. ഭരണഘടന അനുശാസിക്കുന്ന പ്രകാരം സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടുകൂടി മാത്രമേ നദികളെ തമ്മിൽ ബന്ധിപ്പിക്കുന്ന കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ പാടുള്ളൂ എന്ന നിലപാട് കേരളം വ്യക്തമാക്കിയിട്ടുണ്ട്. മാത്രവുമല്ല നദികളുടെ സംയോജിത പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള ടാക്സ് ഹെഡ്സിന്റെ ചെയർമാൻ ശ്രീ. രൂപേഷ് പി. പ്രഭുവിന് ബഹു. മുഖ്യമന്ത്രി 29-3-2003-ൽ അയച്ച കത്തിൽ കേരളത്തിലെ പമ്പാ-അച്ചൻകോവിൽ നദികൾ തമിഴ്നാട്ടിലെ വൈപ്പാർ നദിയുമായി സംയോജിപ്പിക്കുവാനുള്ള നിർദ്ദേശത്തെ അനുകൂലിക്കുവാൻ കഴിയില്ല എന്നറിയിച്ചിട്ടുണ്ട്.

(സി) പമ്പാ-അച്ചൻകോവിൽ നദികളെക്കുറിച്ചുള്ള പഠനത്തിലാണ് ഇത്തരത്തിലുള്ള വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ഇതിനോട് കേരളം യോജിക്കുന്നില്ല. സി.ഡബ്ല്യു.ആർ.ഡി.എം. നടത്തിയ പഠനപ്രകാരം വേമ്പനാട് കായലിൽ പതിക്കുന്ന നദികളിൽ 2050-ാം മാണ്ടോടെ ജലക്ഷാമം ഉണ്ടാവാൻ സാദ്ധ്യതയുണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

നദികളെ തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതി

55 (371) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്തെ നദികളെ തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതിയ്ക്ക് കേന്ദ്ര ഗവൺമെന്റ് രൂപം നല്കിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാരുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ ഈ പദ്ധതിയനുസരിച്ച് കേരളത്തിലെ നദികളെ ഉൾപ്പെടുത്തിയാൽ സംസ്ഥാനത്ത് രൂക്ഷമായ ജലദൗർലഭ്യം ഉണ്ടാകുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ പദ്ധതിയിൽ കേരളത്തിലെ നദികളെ ഉൾപ്പെടുത്തരുതെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly